പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ച് പ്രസിദ്ധീകരിച്ച ജീവചരിത്ര ഗ്രന്ഥം

90 [2522] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

ശ്രീമതി എസിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ച് സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച ജീവചരിത്ര ഗ്രന്ഥം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടും പല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തരവിന്റെ പകർപ്പുകൾ എത്തിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഉത്തരവിന്റെ പകർപ്പ് കിട്ടിയ പല ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പഞ്ചായത്ത് കമ്മിറ്റിയിൽ ഉത്തരവ് സമർപ്പിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുള്ള കാര്യം അന്വേഷിക്കാമോ;

(സി) സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ ബാധ്യതയുള്ള ഈ സ്ഥാപനങ്ങൾ ഈ ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്കും അർബൻ അഫയേഴ്സ് ഡയറക്ടർക്കും നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിക്കുന്നതാണ്.

(സി) പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും യഥേഷ്ടാനുമതി (Permissive sanction) ആണ് നൽകിയിട്ടുള്ളത്. അവയുടെ ഭരണസമിതി അംഗീകരിച്ചാൽ മാത്രമേ ഈ ഉത്തരവ് നടപ്പാക്കേണ്ടതുള്ളു. എന്നിരുന്നാലും എത്ര സ്ഥാപനങ്ങളിൽ ഇത് നടപ്പാക്കിയിട്ടുണ്ട് എന്നുള്ള വിവരം ശേഖരിക്കുന്നതാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ

91 [2523] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പർവൂർ നഗരസഭയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് ഐ.ഡി.എസ്.എം.ടി. സ്കീം നടപ്പിലാക്കാനുദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ ഏതുകാലയളവിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കി പരവൂർ നഗരസഭാ കൗൺസിൽ അംഗീകരിച്ച പരവൂർ പട്ടണത്തിന്റെ സമഗ്ര വികസനത്തിനുള്ള വികസന രൂപരേഖയ്ക്ക് 2-1-2004-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 23/04/തസ്വഭവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. ഈ വികസന രൂപരേഖ നഗരസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) വിശദാംശങ്ങൾ താഴെ പറയുന്നവയാണ്:

അംഗീകരിച്ച പ്രോജക്ട് തുക	–	230.75 ലക്ഷം
കേന്ദ്ര വിഹിതം (ഗ്രാന്റ്)	–	90 ലക്ഷം
സംസ്ഥാന വിഹിതം (ഗ്രാന്റ്)	–	60 ലക്ഷം
മുനിസിപ്പാലിറ്റിയുടെ സ്വന്തം ഫണ്ടിൽ നിന്നോ വായ്പയായോ കണ്ടെത്തേണ്ട തുക	–	80.75 ലക്ഷം
അനുവദനീയമായ ആദ്യ ഗഡു		
കേന്ദ്രം	–	45 ലക്ഷം
സംസ്ഥാനം	–	30 ലക്ഷം
ലഭിച്ച തുക		
കേന്ദ്രം	–	10 ലക്ഷം
സംസ്ഥാനം	–	6.67 ലക്ഷം

കേന്ദ്ര ഗവൺമെന്റ് പരവൂർ മുനിസിപ്പാലിറ്റിക്ക് 35 ലക്ഷം രൂപകൂടി ഒന്നാം ഗഡുവിന്റെ ബാക്കി കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. ആനുപാതികമായ സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരവൂർ പട്ടണത്തിന്റെ 20 വർഷത്തെ വികസനം ലക്ഷ്യമാക്കിയാണ് വികസന രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. രൂപരേഖയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

മുനിസിപ്പാലിറ്റികളിൽ പ്രൊവിഷണൽ ആയി സെക്രട്ടറിമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം

92 [2524] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ പ്രൊവിഷണൽ ആയി സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രൊവിഷണലായി സെക്രട്ടറിമാരെ നിയമിക്കുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുനിസിപ്പൽ സെക്രട്ടറി നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഡി) നിലവിൽ ഏതെങ്കിലും നഗരസഭകളിൽ പ്രൊവിഷണൽ സെക്രട്ടറിമാരുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഏതെല്ലാം നഗരസഭകളിൽ;

(ഇ) പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്ത് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തിയപ്പോൾ ഏതെങ്കിലും പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്തിട്ടുണ്ടോ;

(ജി) റിവർട്ട് ചെയ്തവരെ വീണ്ടും മുനിസിപ്പൽ സെക്രട്ടറിയായി പുനർനിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; ഏത് മുനിസിപ്പാലിറ്റിയിൽ;

(എച്ച്) പുനർ നിയമനം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഐ) റിവർട്ട് ചെയ്തവരെ പുനർനിയമിക്കുന്നതിനായി പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ചവരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് സ്ഥലംമാറ്റിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 5 പേരുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള നഗരകാര്യ ഡയറക്ടറേറ്റ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെയാണ് താൽക്കാലിക സെക്രട്ടറിമാരായി നിയമിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly